**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 6387** | **10-07-2024 - ൽ മറുപടിയ്ക്ക്**

**കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ മത്സ്യത്തൊഴിലാളി കോളനി നിവാസികളുടെ വീട് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. സി. എച്ച്. കുഞ്ഞമ്പു | | ശ്രീ സജി ചെറിയാൻ<br>(മത്സ്യബന്ധനം, സാംസ്കാരികം, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ മത്സ്യത്തൊഴിലാളി കോളനി നിവാസികൾക്ക് വീട് നിർമ്മിക്കാനുള്ള സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ; | (എ) | കാസർഗോഡ് പള്ളിക്കര മിഷൻ മത്സ്യത്തൊഴിലാളി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി പള്ളിക്കര ബീച്ച് റോഡ് ഭജന മന്ദിരത്തിന് സമീപമുള്ള റീ സർവ്വെ 95/29-ൽപ്പെട്ട 1.85 ഏക്കർ സ്വകാര്യ ഭൂമിയാണ് നിലവിൽ കണ്ടെത്തിയിട്ടുള്ളത്.<br><br>കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ കോളനി നിവാസികളുടെ പുനരധിവാസത്തിനായി പരിഗണിച്ചിരുന്ന പള്ളിക്കര വില്ലേജിലെ റീസർവ്വേ 95/29-ൽപ്പെടുന്ന ഭൂമിയുടെ ഫ്ലാറ്റ് നിർമ്മാണത്തിനായുള്ള അനുയോജ്യത പരിശോധിക്കുന്നതിലേക്കായി 13.02.2024- ന് ഒരു ഇന്റർ ഡിപ്പാർട്ട്മെൻറ് ടീം (IDT) സന്ദർശനം നടത്തുകയുണ്ടായി. ടി ഭൂമി സാങ്കേതികമായി ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം വിലയിരുത്തിയിട്ടുണ്ട്. ഭൂമി സംബന്ധിച്ച കൂടുതൽ രേഖകൾ ഹാജരാക്കുവാൻ ഉടമസ്ഥനോട് ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതു വരെയായും ഉടമസ്ഥൻ രേഖകൾ ഹാജരാക്കിയിട്ടില്ല.<br><br>കാഞ്ഞങ്ങാട് മത്സ്യഭവൻ ഫിഷറീസ് ഓഫീസറുടെ നേതൃത്വത്തിൽ 10.05.2024, 14.05.2024 തീയ്യതികളിൽ പള്ളിക്കര മിഷൻ കോളനിയിൽ ഒരു ഫീൽഡ്തല സന്ദർശനം നടത്തുകയുണ്ടായി. ഫിഷറീസ് വകുപ്പ് മന്ത്രി പങ്കെടുത്ത തീരസദസ്സ് പരിപാടിയുടെ ഭാഗമായി ഈ പ്രദേശത്തുള്ളവർ ഫ്ലാറ്റ് സമുച്ചയത്തിനായുള്ള ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും നിലവിൽ അവർക്ക് ഫ്ലാറ്റ് സമുച്ചയത്തിലേക്ക് മാറി താമസിക്കുന്നതിന് താല്പര്യമില്ലെന്നും ഒരു കുടുംബത്തിന് 3 സെന്റ് സ്ഥലം ലഭ്യമാക്കുന്ന രീതിയിലുള്ള മാതൃക കോളനിയിലേക്ക് |

| | | | |
|---|---|---|---|
| | | | പുനരധിവസിപ്പിക്കപ്പെടുന്നതിനാണ് താല്പര്യം എന്നുമാണ് അറിയിച്ചിരിക്കുന്നത്.<br><br>കോളനിയിലെ 13 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിന് വെളിയിൽ താമസിക്കുന്നവരാണ്. സ്വന്തമായി ഭൂമിയുള്ളതായി അവകാശപ്പെടുന്ന 5 കുടുംബങ്ങൾക്ക് ആയത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഹാജരാക്കുവാൻ സാധിച്ചിട്ടില്ല. മേൽ കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുവാൻ നിലവിലെ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം കഴിയുകയില്ല. 35 വീടുകൾ സ്ഥിതി ചെയ്യുന്ന ഈ കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. ആയതിനാൽ കോളനിവാസികളുടെ ആവശ്യത്തെ മുൻനിർത്തി പുനർഗേഹം പദ്ധതി മാനദണ്ഡങ്ങളിൽ ആവശ്യമായ ഇളവുകൾ വരുത്തിയോ സർക്കാരിന്റെ മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്തിയോ ഒരു കുടുംബത്തിന് 3 സെന്റ് സ്ഥലം ലഭ്യമാകുന്ന രീതിയിലുള്ള മാതൃകാ കോളനിയിലേക്ക് അവരെ പുനരധിവസിപ്പിക്കുവാൻ കഴിയുമോ എന്നുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. ആയതിലേക്ക് പള്ളിക്കര മിഷൻ കോളനി നിവാസികളുടെ പുനരധിവാസത്തിനായി പരിഗണിച്ചിരുന്ന പള്ളിക്കര വില്ലേജിലെ റീസർവ്വേ 95/29 ൽ പെടുന്ന 1.85 ഏക്കർ ഭൂമി പുനർഗേഹം പദ്ധതി മാർഗരേഖ അനുസരിച്ചുള്ള എല്ലാ രേഖകളും നടപടിക്രമങ്ങളും പാലിച്ച് ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലും ഓരോ കുടുംബത്തിനും 3 സെന്റ് വീതം ലഭിക്കത്തക്ക വിധം ഒരു മാതൃകാ മത്സ്യത്തൊഴിലാളി ഗ്രാമത്തിന്റെ സാധ്യതയും സംബന്ധിച്ച ജില്ലാ തല സമിതിയുടെ ശുപാർശ ലഭ്യമാക്കാൻ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ബി) | സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ? | (ബി) | കാസർഗോഡ് പള്ളിക്കര മിഷൻ മത്സ്യത്തൊഴിലാളി കോളനി നിവാസികളെ പുനരധിവസിപ്പിക്കുന്നതിനായി പള്ളിക്കര ബീച്ച് റോഡ് ഭജന മന്ദിരത്തിന് സമീപമുള്ള റീ സർവ്വെ 95/29-ൽപ്പെട്ട 1.85 ഏക്കർ സ്വകാര്യ ഭൂമിയാണ് നിലവിൽ കണ്ടെത്തിയിട്ടുള്ളത്.<br><br>കാസർഗോഡ് ജില്ലയിലെ പള്ളിക്കര മിഷൻ കോളനി നിവാസികളുടെ പുനരധിവാസത്തിനായി പരിഗണിച്ചിരുന്ന പള്ളിക്കര വില്ലേജിലെ റീസർവ്വേ 95/29-ൽപ്പെടുന്ന ഭൂമിയുടെ ഫ്ലാറ്റ് നിർമ്മാണത്തിനായുള്ള അനുയോജ്യത പരിശോധിക്കുന്നതിലേക്കായി 13.02.2024- ന് ഒരു ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം (IDT) സന്ദർശനം |

നടത്തുകയുണ്ടായി. ടി ഭൂമി സാങ്കേതികമായി ഫ്ലാറ്റ് നിർമ്മാണത്തിന് അനുയോജ്യമാണെന്ന് ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം വിലയിരുത്തിയിട്ടുണ്ട്. ഭൂമി സംബന്ധിച്ച കൂടുതൽ രേഖകൾ ഹാജരാക്കുവാൻ ഉടമസ്ഥനോട് ഇന്റർ ഡിപ്പാർട്ട്മെന്റ് ടീം നിർദ്ദേശിച്ചിരുന്നുവെങ്കിലും നാളിതു വരെയായും ഉടമസ്ഥൻ രേഖകൾ ഹാജരാക്കിയിട്ടില്ല.

കാഞ്ഞങ്ങാട് മത്സ്യഭവൻ ഫിഷറീസ് ഓഫീസറുടെ നേതൃത്വത്തിൽ 10.05.2024, 14.05.2024 തീയ്യതികളിൽ പള്ളിക്കര മിഷൻ കോളനിയിൽ ഒരു ഫീൽഡ്തല സന്ദർശനം നടത്തുകയുണ്ടായി. ഫിഷറീസ് വകുപ്പ് മന്ത്രി പങ്കെടുത്ത തീരസദസ്സ് പരിപാടിയുടെ ഭാഗമായി ഈ പ്രദേശത്തുള്ളവർ ഫ്ലാറ്റ് സമുച്ചയത്തിനായുള്ള ആവശ്യം ഉന്നയിച്ചിരുന്നുവെങ്കിലും നിലവിൽ അവർക്ക് ഫ്ലാറ്റ് സമുച്ചയത്തിലേക്ക് മാറി താമസിക്കുന്നതിന് താല്പര്യമില്ലെന്നും ഒരു കുടുംബത്തിന് 3 സെന്റ് സ്ഥലം ലഭ്യമാക്കുന്ന രീതിയിലുള്ള മാതൃക കോളനിയിലേക്ക് പുനരധിവസിപ്പിക്കപ്പെടുന്നതിനാണ് താല്പര്യം എന്നുമാണ് അറിയിച്ചിരിക്കുന്നത്.

കോളനിയിലെ 13 കുടുംബങ്ങൾ വേലിയേറ്റ രേഖയിൽ നിന്നും 50 മീറ്ററിന് വെളിയിൽ താമസിക്കുന്നവരാണ്. സ്വന്തമായി ഭൂമിയുള്ളതായി അവകാശപ്പെടുന്ന 5 കുടുംബങ്ങൾക്ക് ആയത് സംബന്ധിച്ച രേഖകൾ ഒന്നും തന്നെ ഹാജരാക്കുവാൻ സാധിച്ചിട്ടില്ല. മേൽ കുടുംബങ്ങളെ പുനർഗേഹം പദ്ധതിയിലുൾപ്പെടുത്തി പുനരധിവസിപ്പിക്കുവാൻ നിലവിലെ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം കഴിയുകയില്ല. 35 വീടുകൾ സ്ഥിതി ചെയ്യുന്ന ഈ കോളനിയിൽ അടിസ്ഥാന സൗകര്യങ്ങൾ വളരെ കുറവാണ്. ആയതിനാൽ കോളനിവാസികളുടെ ആവശ്യത്തെ മുൻനിർത്തി പുനർഗേഹം പദ്ധതി മാനദണ്ഡങ്ങളിൽ ആവശ്യമായ ഇളവുകൾ വരുത്തിയോ സർക്കാരിന്റെ മറ്റേതെങ്കിലും പദ്ധതിയിലുൾപ്പെടുത്തിയോ ഒരു കുടുംബത്തിന് 3 സെന്റ് സ്ഥലം ലഭ്യമാക്കുന്ന രീതിയിലുള്ള മാതൃകാ കോളനിയിലേക്ക് അവരെ പുനരധിവസിപ്പിക്കുവാൻ കഴിയുമോ എന്നുള്ള സാധ്യതകൾ പരിശോധിച്ചു വരികയാണ്. ആയതിലേക്ക് പള്ളിക്കര മിഷൻ കോളനി നിവാസികളുടെ പുനരധിവാസത്തിനായി പരിഗണിച്ചിരുന്ന പള്ളിക്കര വില്ലേജിലെ റീസർവ്വേ 95/29 ൽ പെടുന്ന 1.85 ഏക്കർ ഭൂമി പുനർഗേഹം പദ്ധതി മാർഗരേഖ അനുസരിച്ചുള്ള എല്ലാ രേഖകളും നടപടിക്രമങ്ങളും പാലിച്ച് ഏറ്റെടുക്കുന്നതിനുള്ള പ്രൊപ്പോസലും ഓരോ കുടുംബത്തിനും 3 സെന്റ് വീതം ലഭിക്കത്തക്ക വിധം ഒരു മാതൃകാ മത്സ്യത്തൊഴിലാളി

| | | | |
|---|---|---|---|
| | | | ഗ്രാമത്തിന്റെ സാധ്യതയും സംബന്ധിച്ച ജില്ലാ തല സമിതിയുടെ ശുപാർശ ലഭ്യമാക്കാൻ കാസർഗോഡ് ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർക്ക് ഫിഷറീസ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ